## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2181</u>     <u>23.3.2012-ൽ മറുപടിക്ക്</u>

### മാലിന്യസംസ്കരണത്തിന് പ്ലാന്റുകൾ

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ: | | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| എ) | ഏതെല്ലാം പഞ്ചായത്തുകളിലാണ് മാലിന്യസംസ്കരണത്തിന് സ്ഥിരം സംവിധാനം ഉള്ളത് ; | എ) | സംസ്ഥാനത്ത് അജാനൂർ, മംഗൽപ്പാടി, നാദാപുരം, കരുളായി, പട്ടാമ്പി, കട്ടപ്പന, മൂന്നാർ, പോത്തൻകോട് എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പൊതു ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുള്ളത്. |
| ബി) | മാലിന്യസംസ്കരണത്തിന് എല്ലാ പഞ്ചായത്തുകളിലും പുതിയ ഏതെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഉണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ പൊതു മാലിന്യ സംസ്കരണ സംവിധാനത്തിനും പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിനും വീടുകളിൽ ഉറവിട മാലിന്യ സംസ്കരണത്തിനും വേണ്ടുന്ന പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാനുള്ള സാങ്കേതിക സഹായവും അവയ്ക്ക് സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി ലഭ്യമാക്കി വരുന്നു. |
| സി) | മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പഞ്ചായത്തുകൾക്ക് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ ധനസഹായം നൽകുന്നുണ്ടോ ? | സി) | ഉണ്ട്. പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ മൂലധന ചെലവിന്റെ 75% തുകയോ പരമാവധി 35 ലക്ഷം രൂപയോ ലഭ്യമാക്കാനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ